# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
## ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C - 03/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ ഭദ്രാസനത്തിലെ ഹൊസൂർ റോഡ്, സെന്റ് ഗ്രീഗോറിയോസ് കത്തീഡ്രലിന്റെ ചുമതലയിൽ ജയനഗർ-ജെ.പി. നഗർ ദേശത്തുള്ള ചാപ്പലാണല്ലോ സെന്റ് ജോർജ് ഓർത്തഡോക്സ് ചാപ്പൽ. കഴിഞ്ഞ പതിമൂന്നു വർഷമായി സഹോദരീസഭകളുടെ സ്ഥാപനങ്ങൾ വാടകയ്ക്കെടുത്ത് ആരാധന നടത്തിവന്നിരുന്ന അവിടെ ഇപ്പോൾ എല്ലാ ആഴ്ചയിലും വിശുദ്ധ കുർബ്ബാനയും തുടർച്ചയായി ക്രിസ്തുമസ്- കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകളും മറ്റ് ആത്മീക പ്രസ്ഥാനങ്ങളും ഭംഗിയായി നടത്തിവരുന്നു. നൂറിലധികം കുടുംബങ്ങൾ കൂടിവരുന്ന ഈ ചാപ്പൽ ഇപ്പോൾ ഒരു ദേവാലയം നിർമ്മിക്കുന്നതിനുള്ള ശ്രമത്തിലാണ്. അതിനായി 2023 ജനുവരി 17-ന് ബെനാർഘട്ട-കനകപുര റോഡിൽ അഞ്ജനപുരയിൽ 14000 സ്ക്വയർ ഫീറ്റ് സ്ഥലം ഏകദേശം ഒരു കോടി നാൽപതു ലക്ഷം രൂപയ്ക്ക് സ്വായത്തമാക്കുവാൻ ദൈവം അവരെ ഇടയാക്കി. അവിടെയുള്ള വിശ്വാസസമൂഹം വളരെ തീക്ഷ്ണതയോടെ കാര്യങ്ങൾ ക്രമീകരിച്ചുവരുന്നുവെങ്കിലും നിലവിൽ വസ്തു വാങ്ങിയ വകയിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ഉടനടി ഒരു ദേവാലയം പണിയുന്നതിന് അവിടെയുള്ള കുടുംബാംഗങ്ങളെക്കൊണ്ടു മാത്രം സാധ്യമാവുകയില്ല. ദേവാലയനിർമ്മാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ നിർദ്ദിഷ്ടസ്ഥലത്ത് ഒരു താല്ക്കാലിക ആരാധനാലയം നിർമ്മിക്കുവാനും സ്ഥലം സംരക്ഷിക്കുന്നതിന് ചുറ്റുമതിൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ പണിയുന്നതിനും വായ്പ തിരിച്ചടവ് തുടങ്ങിയവയ്ക്കുമായി ഏകദേശം മുപ്പതു ലക്ഷം രൂപ ചിലവ് വരും. പരിശുദ്ധനായ ഗീവർഗീസ് സഹദായുടെ നാമത്തിൽ അവിടെ ഒരു ദേവാലയം പണിതുയർത്തുവാൻ നിങ്ങളുടെ ഏവരുടെയും സാമ്പത്തിക സഹായസഹകരണം ഇപ്പോഴത്തെ സാഹചര്യത്തിൽ അവർക്കാവശ്യമാണ്. ചാപ്പലിന്റെ ചുമതലയുള്ള വന്ദ്യനായ ജോഷ്വ കെ. കോശി കത്തനാരും ചാപ്പൽ ഭാരവാഹികളും നിങ്ങളെ സമീപിക്കുമ്പോൾ ഉചിതമായ പിന്തുണ നൽകുമല്ലോ? ഇടവകകൾ പൊതുവായി നൽകുന്ന സാമ്പത്തികസഹായം കൂടാതെ ഇടവകയിലെ വ്യക്തികളെ നേരിട്ട് സമീപിച്ച് സാമ്പത്തികസഹായം തേടുന്നതിനും അതത് ഇടവകകൾ ക്രമീകരണം ചെയ്യണം. പ്രാർത്ഥനയിൽ ജയനഗർ-ജെ.പി. നഗർ സെന്റ് ജോർജ് ചാപ്പലിനെ ഓർക്കണമെന്നും നാം നിങ്ങളെ ഓർമിപ്പിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 ജനുവരി മാസം 27-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും